I/60221/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

(ഹാജർ: പ്രിയങ്ക .ജി ., IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )

ഉത്തരവ് നം. DWCD/4016/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 26-09-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - **വയനാട് സ്വദേശി അന്ന ജിൻസൺ** എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : വയനാട് DCPO യുടെ 11/08/2022ലെ DCPO/W/H/2120/2021 നമ്പർ കത്ത്

വയനാട് ജില്ലയിൽ മാനന്തവാടി ആറാട്ടുതറ പാട്ടുപാളയിൽ ശ്രീ.ജിൻസൺ, ശ്രീമതി. സ്മിത എന്നീ ദമ്പതികളുടെ മകളായ അന്ന ജിൻസൺ (3 വയസ്സ്) എന്ന കുട്ടിക്ക് Seizure Disorder എന്ന രോഗം ബാധിക്കുകയും, ചികിത്സയുടെ ഭാഗമായി നടത്തിയ സർജറിയെ തുടർന്ന് നിലവിൽ കുട്ടി വിശ്രമത്തിലാണ്.കുട്ടിക്ക് 8 മാസം ഉള്ളപ്പോൾ ആണ് Seizure Disorder എന്ന രോഗം സ്ഥിതീകരിച്ചത്. കുട്ടിയുടെ ചികിത്സയും മറ്റു കുട്ടികളുടെ പഠനവും ഒന്നിച്ചു കൊണ്ട് പോകുന്നതിന് കുടുംബം ബുദ്ധിമുട്ടുന്നതിനാൽ, മറ്റു കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്ത കുടുംബത്തിന് കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ ബില്ലുകൾ സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ 14,160/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള വയനാട് ജില്ലയിൽ മാനന്തവാടി ആറാട്ടുതറ പാട്ടുപാളയിൽ ശ്രീ.ജിൻസൺ, ശ്രീമതി. സ്മിത എന്നീ ദമ്പതികളുടെ മകളായ അന്ന ജിൻസൺ എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻെറയും റൂളിൻെറയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ **6870/-രൂപ (ആറായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം)** അനുവദിച്ച്

I/60221/2022

ഉത്തരവാകുന്നു.

ടി തുകയായ 6870/-രൂപ (ആറായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) 2235-02-106-91 (P)എന്ന ശീർഷകത്തിൽ നിന്നും വയനാട് വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെൻറായി നൽകേണ്ടതും. വനിത ശിശു വികസന ഓഫീസർ തുക വയനാട് ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് അലോട്ടുമെൻറായി നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ,,വയനാട്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ
2. വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ
3. ICPS -10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 26-09-2022 00:42:24